**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3722** **26-10-2021 - ൽ മറുപടിയ്ക്ക്**

**ക്ഷീര വികസന വകുപ്പിന് കീഴിലുള്ള പാൽ സൊസൈറ്റികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | Smt J Chinchurani<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | ക്ഷീര വികസന വകുപ്പ് മുഖേന ക്ഷീര കർഷകർക്ക് ലഭിച്ചു കൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ വിശദമാക്കാമോ; | (എ) | ക്ഷീരവികസന വകുപ്പ് മുഖാന്തരം തീറ്റപ്പുൽകൃഷി വികസന പദ്ധതി, മിൽക്ക് ഷെഡ് വികസന പദ്ധതി, ക്ഷീര സഹകരണ സംഘങ്ങൾക്കുള്ള ധന സഹായം, ഗുണനിലവാര ലാബുകളുടെ ശക്തിപ്പെടുത്തൽ, കാലിത്തീറ്റ സബ്സിഡി എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു. മിൽക്ക് ഷെഡ് വികസന പദ്ധതിയിൽ സർക്കാർ സബ്സിഡിയോടെ ഉരുക്കളെ വാങ്ങി നൽകുന്ന പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഗോധനം (സങ്കരയിനം), ഗോധനം (തനത് ഇനം), രണ്ട് പശു യൂണിറ്റ്, അഞ്ച് പശു യൂണിറ്റ്, പത്ത് പശു യൂണിറ്റ്, കോമ്പോസിറ്റ് ഡയറി യൂണിറ്റ് (1 പശു + 1 കിടാരി), കോമ്പോസിറ്റ് ഡയറി യൂണിറ്റ് (3 പശു + 2 കിടാരി), കോമ്പോസിറ്റ് ഡയറി യൂണിറ്റ് (6 പശു + 4 കിടാരി), കിടാരി പാർക്ക്, ക്ഷീര ഗ്രാമം, ആവശ്യാധിഷ്ഠിത ധന സഹായം, കാലിത്തൊഴുത്ത് നിർമ്മാണം / നവീകരണം തുടങ്ങിയ പദ്ധതികളാണ് പ്രധാനമായും നടപ്പിലാക്കി വരുന്നത്. ഈ സാമ്പത്തികവർഷം നടപ്പിലാക്കുന്ന പുതിയ പദ്ധതികൾ: 1. വൈക്കോൽ ബെയ്‌ലിംഗ് യൂണിറ്റ്: ക്ഷീരസംഘങ്ങൾ വഴി വൈക്കോൽ ശേഖരിച്ച് ബെയ്ൽ ചെയ്ത് ക്ഷീരസംഘങ്ങൾ വഴി കർഷകർക്ക് വിപണനം ചെയ്യുന്ന പദ്ധതിയാണിത്. ആലപ്പുഴ, തൃശ്ശൂർ, പാലക്കാട് ജില്ലകളിലാണ് ഈ പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നത്. 2. പാരമ്പര്യേതര കാലിത്തീറ്റകളുടെ ഉല്പാദനവും വിപണനവും: ക്ഷീരസംഘങ്ങളിൽ പ്രാദേശികമായി ലഭിക്കുന്ന തീറ്റവസ്തുക്കൾ ഉപയോഗിച്ചുകൊണ്ടുള്ള കാലിത്തീറ്റയുടെ നിർമ്മാണവും വിപണനവുമാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. 3. കറവ പരിശീലനം: നിലവിൽ കേരളത്തിൽ പശുക്കറവയിൽ വൈദഗ്ധ്യമുള്ളവരുടെ എണ്ണം കുറഞ്ഞു വരുന്ന സാഹചര്യത്തിൽ വനിതകൾക്ക് ശാസ്ത്രീയമായ പശുക്കറവയുടെ പരിശീലനം നൽകാനാണ് ഈ |

| | | | |
|---|---|---|---|
| | | | പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. 4. ഇടുക്കി പാക്കേജ്: പാലുല്പാദന വർദ്ധനവിനായി ഇടുക്കി ജില്ലയിൽ നടപ്പിലാക്കുന്ന പദ്ധതികളാണ് ഇടുക്കി പാക്കേജിൽ വരുന്നത്. ക്ഷീരകർഷകർക്കുള്ള അവശ്യാധിഷ്ഠിത ധനസഹായം, ധാതു ലവണ മിശ്രിത വിതരണം, വിവിധ പരിശീലനങ്ങൾ എന്നിവയാണ് പദ്ധതി യിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. 5. വാണിജ്യ അടിസ്ഥാനത്തിലുള്ള ഡയറി ഫാമുകൾക്ക് ധനസഹായം: 50 പശുക്കളിൽ കൂടുതൽ ഉള്ള ഡയറി ഫാമുകൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിനായി ധനസഹായം നൽകുന്നതിനുള്ള പദ്ധതി. |
| (ബി) | ക്ഷീര വികസന വകുപ്പിന് കീഴിലുള്ള സൊസൈറ്റികളിൽ പാൽ കൊടുക്കുമ്പോൾ കർഷകർക്ക് ലഭിക്കുന്ന തുക കുറവാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | ഇന്ത്യയിൽ തന്നെ ക്ഷീരസഹകരണ സംഘങ്ങൾ വഴി ഏറ്റവും ഉയർന്ന പാൽ വില ക്ഷീരകർഷകർക്ക് ലഭ്യമാക്കുന്ന സംസ്ഥാനം കേരളമാണ്. പാൽ വില വർദ്ധനവിൽ 84% ത്തോളം തുക ക്ഷീരകർഷകർക്ക് ലഭിക്കുന്ന രീതിയിലാണ് വകയിരുത്തിയിരിക്കുന്നത്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 2 തവണയായി 8 രൂപ വർദ്ധനവുണ്ടായപ്പോൾ 6.7 രൂപയും കർഷകരുടെ കൈകളിലെത്തി. |
| (സി) | സ്വകാര്യ വ്യക്തികളിൽ നിന്നും കൂടുതൽ വില കിട്ടുന്നതിനാൽ ക്ഷീര കർഷകർ സൊസൈറ്റികളെ ഒഴിവാക്കുന്നത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | സൊസൈറ്റികളിൽ നിന്നും ക്ഷീര കർഷകർക്ക് ലഭിക്കുന്ന പാൽവിലയ്ക്ക് പുറമേ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് പാലിന് ഇൻസെന്റീവ്, കാലിത്തീറ്റ സബ്സിഡി എന്നീ ആനുകൂല്യങ്ങൾ സൊസൈറ്റികളിൽ പാലളക്കുന്ന ക്ഷീര കർഷകർക്ക് ലഭിച്ചു വരുന്നു. കൂടാതെ, സംഘങ്ങളിൽ നിന്ന് കർഷകർക്ക് ലാഭവിഹിതവും ബോണസ്സും നൽകുന്നുണ്ട്. ആയതിനാൽ കർഷകർ സംഘത്തിൽ പാൽ അളക്കാൻ താല്പര്യം കാണിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ